## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :563 — 27-07-2015-ൽ മറുപടിക്ക്

**പുതിയ സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതിയ സൂപ്പർമാർക്കറ്റുകളും മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വ്യക്തമാക്കാമോ ; | (ബി) യും (സി) യും | പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിച്ച് വരുന്നുണ്ട്. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകൾ ഉന്നത നിലവാരമുള്ള സ്വകാര്യ സൂപ്പർ മാർക്കറ്റുകളോട് കിടപിടിയ്ക്കത്തക്കവിധം ആധുനീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനും തീരുമാനമുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി പൊതുപ്രവർത്തകരുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആശുപത്രികളുടേയും സഹകരണത്തോടെ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കുന്ന തരത്തിൽ വിറ്റുവരവ് പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. സപ്ലൈകോ എന്ന ബ്രാൻഡ് നെയിം കേരളത്തിലെ സാധാരണ ജനങ്ങൾക്കിടയിൽ അവശ്യമായ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ താരതമ്യേന വളരെ വിലകുറഞ്ഞ് ലഭിക്കുന്നതിനാൽ സുപരിചിതമാണ്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കു പുറമേ മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളും സ്വയം പരിശോധിച്ചു ബോധ്യപ്പെട്ട് തിരഞ്ഞെടുക്കുവാനുള്ള സൗകര്യങ്ങൾ ഈ സൂപ്പർ മാർക്കറ്റുകളിലൂടെ സാധാരണ |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇപ്രകാരം എല്ലാവിധ സബ്സിഡി സാധനങ്ങളും, മറ്റെല്ലാ നിത്യോപയോഗ സാധനങ്ങളും, വിവിധ അന്താരാഷ്ട്ര ബ്രാൻഡ് ഉൽപ്പന്നങ്ങളും MRP യേക്കാൾ കുറഞ്ഞ നിരക്കിൽ തങ്ങളുടേതായ താൽപ്പര്യത്തിനനുസരിച്ച് തിരഞ്ഞെടുക്കുവാനുള്ള അവസരം സാധാരണ ജനങ്ങൾക്ക് നൽകുക എന്നുള്ളതാണ് ഇതിന്റെ പിന്നിലുള്ള ഉദ്ദേശ ലക്ഷ്യം. ഉപഭോക്തൃസംസ്ക്കാരത്തിലുണ്ടായ മാറ്റങ്ങൾ അടിസ്ഥാനമാക്കിയാണ് ഇത്തരത്തിൽ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നത്. കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ കൂടുതൽ ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. സമരം മൂലവും മറ്റും സ്വകാര്യ മരുന്നുകടകളും പെട്രോൾ ബങ്കുകളും അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ആശുപത്രി പരിസരങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കുകയും ചെയ്തുവരുന്നു. |

Beena

സെക്ഷൻ ഓഫീസർ